തുഞ്ചത്തെഴുത്തച്ഛൻ

# മലയാളസർവകലാശാല

## എം. എ. പ്രവേശന പരീക്ഷ - 2023

# സാഹിത്യരചന

കോഴ്സ് കോഡ് **MUE23MCW - 03**

1. പരീക്ഷാഹാളിൽ അച്ചടക്കം പാലിക്കുക.
2. പരീക്ഷാജോലിയിൽ ഏർപ്പെട്ടിരിക്കുന്ന അധ്യാപകരുടെ നിർദ്ദേശങ്ങൾ അനുസരിക്കുക.
3. ഉത്തരക്കടലാസ് അന്യോന്യം കൈമാറാൻ ശ്രമിക്കുക, പരീക്ഷ എഴുത്തിൽ മറ്റുള്ളവരെ സഹായിക്കുക, നിർദ്ദേശങ്ങൾ അനുസരിക്കാതിരിക്കുക തുടങ്ങിയുള്ള എല്ലാത്തരം പരീക്ഷാക്രമക്കേടും പരീക്ഷ അസാധുവാക്കുന്നതിന് കാരണമാകും.
4. പരീക്ഷാഹാളിൽ മൊബൈൽ ഫോണിന്റെ/ഇലക്ട്രോണിക് ഉപകരണങ്ങളുടെ ഉപയോഗം അനുവദിക്കുന്നതല്ല.
5. റോൾനമ്പർ വ്യക്തമായി എഴുതി എന്ന് ഉറപ്പുവരുത്തുക.
6. ഉത്തരക്കടലാസിൽ ഉപയോഗിക്കുന്ന അഡീഷണൽ ഷീറ്റുകളുടെ എണ്ണം കൃത്യമായി രേഖപ്പെടുത്തേണ്ടതാണ്.
7. കുറഞ്ഞത് 20 മാർക്ക് കിട്ടിയെങ്കിൽ മാത്രമേ പ്രവേശനത്തിന് പരിഗണിക്കുകയുള്ളൂ.
8. ഒരു മണിക്കൂർ കഴിയുമ്പോൾ ഒന്നാം വിഷയത്തിന്റെ പരീക്ഷ എഴുത്ത് പൂർത്തിയാക്കി ഉത്തരക്കടലാസ് തിരികെ നൽകണം.

സമയം: 1 മണിക്കൂർ

മാർക്ക് 50

I. **1 മുതൽ 25 വരെയുള്ള ചോദ്യങ്ങൾക്ക് ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക**
**(01 x 25= 25)**

1. അടൂർ ഗോപാലകൃഷ്ണൻ സംവിധാനം ചെയ്ത 'വിധേയൻ' എന്ന സിനിമയ്ക്ക് ആസ്പദമായ കൃതി?
   a) ആർക്കറിയാം  b) സലാം അമേരിക്ക
   c) ഭാസ്കരപട്ടേലരും എന്റെ ജീവിതവും  d) മഞ്ഞ്

2. 'സിദ്ധാർത്ഥ' എന്ന നോവൽ രചിച്ചതാര്?
   a) ടോൾസ്റ്റോയി  b) ഹെർമാൻ ഗുണ്ടർട്ട്
   c) ദസ്തയേവ്സ്കി  d) ഹെർമൻ ഹെസ്സെ

3. ബഷീർ രചിച്ച ഏക നാടകം?
   a) കറവറ്റ പശു  b) ആ മനുഷ്യൻ നീ തന്നെ
   c) കഥാബീജം  d) അവനവൻ കടമ്പ

4. കാഥികന്റെ പണിപ്പുര എന്ന ഗ്രന്ഥം രചിച്ചതാര്?
   a) എം. പി. പോൾ  b) കേസരി എ. ബാലകൃഷ്ണപിള്ള
   c) വി. രാജകൃഷ്ണൻ  d) എം. ടി. വാസുദേവൻ നായർ

5. ശരിയായ പദമേത്?
   a) റുഡ്യാർഡ് കിപ്ലിംഗ്  b) റസ്കിൻ ബോണ്ട്
   c) അരുന്ധതി റോയ്  d) ജെ. കെ. റൗളിംഗ്

6. കാവ്യലോകസ്മരണകൾ എന്ന ആത്മകഥ രചിച്ചതാര്?
   a) വൈലോപ്പിള്ളി ശ്രീധരമേനോൻ  b) സുഗതകുമാരി
   c) ഇടശ്ശേരി  d) കുമാരനാശാൻ

7. 'കുന്ദൻ' ഏതു നോവലിലെ കഥാപാത്രമാണ്?
   a) നാലുകെട്ട്  b) മരുഭൂമികൾ ഉണ്ടാകുന്നത്
   c) ആരാച്ചാർ  d) മനുഷ്യന് ഒരു ആമുഖം

8. കേരള ഹെമിംഗ് വേ എന്നറിയപ്പെടുന്നതാര്?
   a) കോവിലൻ  b) പുനത്തിൽ കുഞ്ഞബ്ദുള്ള
   c) വി. കെ. എൻ  d) എം. ടി. വാസുദേവൻ നായർ

9. ക്ഷോഭിക്കുന്നവരുടെ സുവിശേഷം എന്ന ഗ്രന്ഥം രചിച്ചതാര്?
   a) സുകുമാർ അഴീക്കോട്  b) സച്ചിദാനന്ദൻ
   c) എം. എൻ. വിജയൻ  d) കെ. പി. അപ്പൻ

10. കവിതയുടെ ജീവചരിത്രം എന്ന ഗ്രന്ഥം രചിച്ചതാര്?
    a) കല്പറ്റ നാരായണൻ  b) ബി. രാജീവൻ
    c) എസ്. ഗുപ്തൻ നായർ  d) സുനിൽ പി. ഇളയിടം

11. ഫിലിം ഫെസ്റ്റിവൽ ഓഫ് ഇന്ത്യയിൽ മികച്ച സംവിധായകനായി രണ്ടുവട്ടം തെരഞ്ഞെടുക്കപ്പെട്ട സംവിധായകൻ?
    a) ലിജോ ജോസ് പെല്ലിശ്ശേരി  b) ലാൽ ജോസ്
    c) അടൂർ ഗോപാലകൃഷ്ണൻ  d) ജയരാജ്

12. കൊച്ചി-മുസിരിസ് ബിനാലെയുടെ നിർവാഹകനായ ചിത്രകാരൻ?
    a) അക്കിത്തം അച്യുതൻ  b) നമ്പൂതിരി
    c) ബോസ് കൃഷ്ണമാചാരി  d) പാരീസ് വിശ്വനാഥൻ

13. കടലോരം ഏതു തിണയുടെ സ്ഥലബിംബമാണ്?
a) പാലൈ
b) മുല്ലൈ
c) മരുതം
d) നെയ്തൽ

14. 1921 ആധാരമാക്കിയ ആശാൻ കൃതിയേത്?
a) പ്രരോദനം
b) ദുരവസ്ഥ
c) സിംഹപ്രസവം
d) വീണപൂവ്

15. തരകൻസ് ഗ്രന്ഥവരി ആരുടെ കൃതി?
a) ആനന്ദ്
b) സച്ചിദാനന്ദൻ
c) എം. മുകുന്ദൻ
d) ബെന്യാമിൻ

16. ചുവടെ ചേർത്തിരിക്കുന്നവയിൽ എം. ടി. വാസുദേവൻ നായർ എഴുതിയ കഥയേത്?
a) നളിനകാന്തി
b) തേൻ
c) ഷെർലക്
d) താക്കോൽ

17. കുറ്റവും ശിക്ഷയും ആരുടെ കൃതി?
a) ദസ്തയെവിസ്കി
b) ടോൾസ്റ്റോയി
c) ബുൾഗാക്കോവ്
d) മാക്സിം ഗോർക്കി

18. 'ലിയോ ടോൾസ്റ്റോ' യിയുടെ കൃതിയേത്?
a) വൈറ്റ് നൈറ്റ്സ്
b) ഇവാൻ ഇല്ലിയിച്ചിന്റെ മരണം
c) ഗാർനെറ്റ് വള
d) ദുബ്രോവ്സ്കി

19. ചുവടെ ചേർത്തിരിക്കുന്നവരിൽ തമിഴ് നോവലിസ്റ്റ് ആരാണ്?
a) ശ്രീകൃഷ്ണ ആലനഹള്ളി
b) സുന്ദരരാമസാമി
c) ഇന്ദിരാ ഗോസ്വാമി
d) ആശാപൂർണ്ണാദേവി

20. എ. ആർ. രാജരാജവർമയുടെ അപരനാമധേയമെന്ത്?
a) കേരളപാണിനി
b) കേരളവ്യാസൻ
c) കേരളകാളിദാസൻ
d) കേരളവാല്മീകി

21. 2018 എന്ന സിനിമയുടെ സഹരചയിതാവ്?
a) ആർ. ഉണ്ണി
b) സന്തോഷ് ഏച്ചിക്കാനം
c) സുസ്മേഷ് ചന്ത്രോത്ത്
d) അഖിൽ പി. ധർമജൻ

22. എം. മുകുന്ദന്റെ ഏതു നോവലിനാണ് ജെ. സി. ബി. പുരസ്കാരം ലഭിച്ചത്?
a) മയ്യഴിപ്പുഴയുടെ തീരങ്ങളിൽ
b) പ്രവാസം
c) ദല്ഹിസഗാഥകൾ
d) കേശവന്റെ വിലാപങ്ങൾ

23 ബെന്യാമിന്റെ പ്രശസ്തമായ ആടുജീവിതം പ്രസിദ്ധീകരിച്ചത് ഏതു സ്ഥാപനം?
a) ഡി.സി. ബുക്സ്
b) മാതൃഭൂമി ബുക്സ്
c) പൂർണ്ണാ പബ്ലിക്കേഷൻസ്
d) ഗ്രീൻ ബുക്സ്

24. താഴെപ്പറയുന്നവരിൽ നോബൽ കിട്ടിയിട്ടുള്ളതാർക്ക്?
a) സൽമാൻ റഷ്ദി
b) അബ്ദുറസാക്ക് ഗുർണെ
c) അരുന്ധതി റോയ്
d) ജുംപാ ലാഹിരി

25. ടി. എം. കൃഷ്ണ ഏതു മേഖലയിലാണ് പ്രസിദ്ധിനേടിയത്?
a) കർണാടക സംഗീതജ്ഞൻ
b) ബാഡ്മിന്റൺ കളിക്കാരൻ
c) തെലുഗു എഴുത്തുകാരൻ
d) രാഷ്ട്രീയനിരീക്ഷകൻ

**II. താഴെ പറയുന്നവയിൽ ഏതെങ്കിലും അഞ്ചെണ്ണത്തിന് ഒരു പുറത്തിൽ കവിയാതെ കുറിപ്പെഴുതുക**

**(5 x5= 25)**

26. മലയാളത്തിലെ ശ്രദ്ധേയരായ എഴുത്തുകാരികളെ സാമാന്യമായി പരിചയപ്പെടുത്തി, ഏതെങ്കിലും ഒരു എഴുത്തുകാരിയുടെ കൃതികളെ സവിശേഷമായി അവതരിപ്പിക്കുക.

27. സമകാലികമലയാള നോവലുകളെ വിമർശനാത്മകമായി വിലയിരുത്തുക.

28. ഇടശ്ശേരി രചിച്ച പൂതപ്പാട്ട് എന്ന കൃതിയെ ആസ്പദമാക്കി ഒരു ചെറുകഥ എഴുതുക.

29. വായനയുടെ രാഷ്ട്രീയം എന്നാലെന്ത്? സ്വാഭിപ്രായം വ്യക്തമാക്കുക.

30. സർഗ്ഗാത്മക രചനയും വൈജ്ഞാനിക രചനയും തമ്മിലുള്ള വ്യത്യാസങ്ങൾ കണ്ടെത്തി അവതരിപ്പിക്കുക.

31. കേരളത്തിലെ ഗോത്രകവിതകളെ സാമാന്യമായി പരിചയപ്പെടുത്തുക.

32. സമകാലിക ചെറുകഥയുടെ പൊതു സവിശേഷതകൾ സോദാഹരണം വ്യക്തമാക്കുക.

33. മലയാളത്തിലേക്ക് വിവർത്തനം ചെയ്യപ്പെട്ട ഏതെങ്കിലും ഒരു കൃതിയെ വിമർശനാത്മകമായി വിലയിരുത്തുക.

-- -- --

തയ്യാറാക്കി കൊണ്ടുവരുന്ന രചന ഉത്തരക്കടലാസിനൊപ്പം നൽകേണ്ടതാണ്.
(രചനയുടെ മുകളിൽ രജിസ്റ്റർ നമ്പർ നിർബന്ധമായും എഴുതണം)